# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2185 - 18.06.2013-ലെ മറുപടിക്ക്**

## വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എളമരം കരീം** | **ശ്രീ. കെ. എം. മാണി**<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്കീമിൽ നിന്ന് സഹായം ലഭിക്കുന്നതിലേക്ക് സംസ്ഥാന സർക്കാർ ശുപാർശ ചെയ്ത സ്വകാര്യ സഹകരണ മേഖലയിൽ നിന്നുള്ള പങ്കാളിത്തത്തോട് കൂടിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | പെട്രോളിയം കെമിക്കൽസ് ആന്റ് പെട്രോകെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൺ (പി.സി.പി.ഐ.ആർ) എന്ന പദ്ധതിയ്ക്ക് വേണ്ടിയും കൊച്ചി - പാലക്കാട് നിംസ് പദ്ധതിയ്ക്ക് വേണ്ടിയും കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്കീമിൽ നിന്ന് സഹായം ലഭിക്കുന്ന തിലേക്ക് ശ്രമം ആരംഭിച്ചിട്ടുണ്ട്. കൂടാതെ എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ സമർപ്പിച്ച മറ്റു ചില പദ്ധതികൾക്കും വയബി ലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്കീമിൽ നിന്ന് സഹായം ലഭ്യമാക്കുന്നത് പരിഗണിച്ച് വരുന്നു. |
| (ബി) ഏതെല്ലാം തരം പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് നടത്തുന്നതെന്ന് വ്യക്തമാക്കാ മോ;<br>(സി) ഈ സ്കീം കേന്ദ്ര സർക്കാർ ആരംഭിച്ചത് ഏത് തീയതി മുതലാണ് എന്നും എന്നുവരെ ഈ പദ്ധതി നിലനിൽക്കുമെന്നും അറിയിക്കാമോ; | കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പിന്റെ 12.01.2006-ലെ OM No.1/5/2005- PPP അനുസരിച്ചുള്ള മാർഗ്ഗരേഖ പ്രകാരം വയബി ലിറ്റി ഗ്യാപ്പ് ഫണ്ടിംഗിന് അർഹമായ പൊതു സ്വകാര്യ പങ്കാളിത്ത പ്രോജക്ടുകൾ താഴെ പറയുന്ന മേഖലകളിൽ നിന്ന് ആകണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br>i. റോഡുകളും പാലങ്ങളും, റെയിൽവേ, |

| | |
|---|---|
| | തുറമുഖങ്ങൾ, വിമാനതാവളങ്ങൾ, ഉൾനാടൻ ജലഗതാഗത മാർഗ്ഗങ്ങൾ<br>ii. ഊർജ്ജം<br>iii. നഗര ഗതാഗതം, ജലവിതരണം, സ്വീവറേജ്, ഖര മാലിന്യ നിർമ്മാർജ്ജനം, നഗര പ്രദേശത്തെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ.<br>iv. പ്രത്യേക സാമ്പത്തിക മേഖലകളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.<br>v. അന്താരാഷ്ട്ര കൺവെൻഷൻ സെന്ററുകളും വിനോദ സഞ്ചാര മേഖലകളിലെ അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകളും;<br>ധനകാര്യ മന്ത്രാലയത്തിന് കീഴിലുള്ള പൊതു സ്വകാര്യ പങ്കാളിത്തം സംബന്ധിച്ച എംപവേഡ് കമ്മിറ്റിക്ക് കേന്ദ്ര ധനകാര്യ മന്ത്രിയുടെ അംഗീകാരത്തോടെ മേൽപറഞ്ഞ മേഖലകൾ സംബന്ധിച്ച് കുട്ടിച്ചേർക്കലുകളോ ഒഴിവാക്കലുകളോ നടത്താവുന്നതാണ്.<br>ഈ സ്കീം എന്നുവരെ നിലനില്ക്കണമെന്ന് നിശ്ചയിക്കപ്പെട്ടിട്ടില്ല. |
| (ഡി) കേന്ദ്ര സർക്കാർ ഇതിനായി ആനുവൽ പ്ലാനിൽ ഉൾപ്പെടുത്തിയ തുക എത്രയാണെന്നറിയാമോ എന്നും എന്ത് തുക കേരളം വിനിയോഗിക്കുകയുണ്ടായി എന്നും വിശദമാക്കുമോ? | കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്കീമിൽ നിന്ന് സംസ്ഥാനത്തിന് സഹായം ലഭിച്ചു തുടങ്ങിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**